ഉത്തരം

(എ) ആൻഡ് (ബി) ഉണ്ട്. ഭവനരഹിതരായ പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് ഘട്ടംഘട്ടമായി ഭവന നിർമ്മാണ ധനസഹായം അനുവദിച്ച് ഇതു പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) 21775 അപേക്ഷകൾ ലഭിച്ചു.

(ഡി) 2968 പേർക്ക് ധനസഹായം നൽകി.

പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ കോർപ്പറേഷനിൽ നിന്നും കൃഷിഭൂമി വായ്പാ പദ്ധതി

86 [1430] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ കോർപ്പറേഷനിൽ നിന്നും കൃഷിഭൂമി വായ്പാ പദ്ധതി (എൻ. എസ്. എഫ്. ഡി. സി.)-ക്ക് ഇപ്പോഴും തുക അനുവദിച്ചിട്ടുണ്ടോ;

(ബി) കോർപ്പറേഷനിൽ നിന്നും ഈ പദ്ധതിക്കായി അപേക്ഷ ക്ഷണിച്ചിരുന്നുവോ; എങ്കിൽ ഈ അപേക്ഷകളിൻമേൽ ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(സി) ഈ പദ്ധതിക്ക് എന്നത്തേക്ക് തുക അനുവദിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അപേക്ഷ ക്ഷണിച്ചിരുന്നു. അപേക്ഷകരുമായുള്ള കൂടിക്കാഴ്ചയ്ക്കു ശേഷം 600 പേരെ തെരഞ്ഞെടുക്കുകയും ഇതിൽ 500-ലധികം ഗുണഭോക്താക്കൾക്ക് വായ്പ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. ഇനി 250 ഗുണഭോക്താക്കളെ കൂടി പുതുതായി തെരഞ്ഞെടുക്കുന്ന നടപടി പുരോഗമിച്ചു വരുന്നു.

(സി) തെരഞ്ഞെടുക്കപ്പെട്ട 600 ഗുണഭോക്താക്കളിൽ അഞ്ഞൂറിലധികം ഗുണഭോക്താക്കൾക്ക് വായ്പ വിതരണം ചെയ്തിട്ടുണ്ട്. ഇവരിൽ അവശേഷിക്കുന്നവർക്ക് താമസിയാതെ വായ്പ വിതരണം പൂർത്തിയാക്കുന്നതാണ്. പുതുതായി വായ്പ വിതരണം ചെയ്യാനുദ്ദേശിക്കുന്ന 250 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന നടപടി പൂർത്തിയായശേഷം എൻ. എസ്. എഫ്. ഡി. സി.-യിൽ നിന്നും പണം ലഭ്യമാക്കി ഗുണഭോക്താക്കൾക്ക് വായ്പ വിതരണം ചെയ്യുന്നതാണ്.

കോർപ്പസ് ഫണ്ട് വിനിയോഗം

87 [1432] ശ്രീ. വി. കെ. ചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിൽ കോർപ്പസ് ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly